
# MARTHOMA HIGHER SECONDARY SCHOOL

## venmony




# Spectra

## 2k19

Little KITES LK/2018/36043



# എന്റെ വിദ്യാലയം

## MARTHOMA HIGHER SECONDARY SCHOOL

### venmony

# സന്ദേശം

ഈ സ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റിലെ അംഗങ്ങളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി പുറത്തിറക്കുന്ന ഡിജിറ്റൽ മാസിക നല്ല ഒരു സംരംഭമാണ്.ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽകൈറ്റ്സ് അംഗങ്ങളെയും അഭിനന്ദിക്കുന്നു.ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ കലാവാസനയെ പരിപോഷിപ്പിക്കുന്ന ഒരു ഉപാധി ആകട്ടെ എന്നാശംസിക്കുന്നു...

ആശംസകളോടെ ,

പ്രഥമഅധ്യാപിക,

ആനി വർഗ്ഗീസ്

# എഡിറ്റോറിയൽ ബോർഡ്

(ചീഫ് എഡിറ്റർ)

ജിബിൻ തോമസ്
മേഘ ചെറിയാൻ

(ഇ-മാഗസിൻ എഡിറ്റർ)

ആദിത്യൻ. ആർ
ജിൻസ മറിയം

(സബ് എഡിറ്റേർസ്)

| | |
|---|---|
| *ആചാര്യ ബ്രഹ്മദത്ത് | *ഉത്തര എസ് |
| *മുഹമ്മദ് സാലിഹ് | * അനമോൾ എസ് |
| *റിജ്ജ രാജൻ | * അൻസു ആൻ ജോർജ് |
| *നാസ് മുഹമ്മദ് | *ജോസാന സാറാ ജോസഫ് |
| *അമൽ എസ് | *ശ്രീലക്ഷ്മി വി |
| *അഭിജിത്ത് കെ ബി | *ശ്രുതിമോൾ കെ എസ് |
| *അശ്വിൻ എസ് | *ദേവിക സന്തോഷ് |
| *അനന്തൻ എസ് | * തേജസ് പി തുളസി |
| *അഭിരാജ് പി എസ് | *ജെറിൻ ജോൺ ജോജി |

# INDEX


1.അഗ്നി.....................................................................7

2.അലയൊതുങ്ങിയ ......................................................8

3.കളച്ചെടികൾ..........................................................9

4.മഴ......................................................................10

5.താരക പെണ്ണാളേ............................................... .11

6.ഒരു വട്ടം കൂടിയെൻ ഓർമകൾ മേയുന്ന..............................12

7.പാഥേയം...............................................................13

8.പൂക്കാലം..............................................................14

9.മഴക്കണ്ണ്..............................................................15

10.കാർമെഘം...........................................................16

11.മയിൽ.................................................................17

12.അമ്മമലയാലം......................................................18

13.നദീത്തീരത്തിൽ....................................................19

14.എന്റെ വീട്..........................................................20

15.കടങ്കഥകൾ..........................................................21

16.പഴഞ്ചൊല്ലുകൾ....................................................22

17.പുളിമരത്തിന്റെ അഹങ്കാരം......................................23

18.മാറാപ്പിലെ കുരുന്നുസ്വപ്നങ്ങൽ..................................24

19.അമ്മയിക്ക്...........................................................25

20.ജെ.കെ.റൗളിഗ്.....................................................26

21.ഉള്ളൂർ.എസ്. പരമേശ്വരയ്യർ......................................27

22.അതു മാത്രം..........................................................28

23.ആര്യഭടൻ...........................................................29

24.കടംകഥകള്.........................................................30

25. കാക്കമ്മ.............................................................31

26.പഴഞ്ചൊല്ല്.................................................. .....32

# DIGITAL PAINTING




**IRENE SARA PHILIPOSE**
VIII A

# അഗ്നി



## ഒ.എൻ.വി കുറുപ്പ്

അഗ്നിയാണെൻ ദേവത
അഗ്നിയുണ്ട് നെഞ്ചിലെൻ
അസ്ഥിയിൽ, ജഠരത്തിൽ,
നാഭിയിൽ, സിരകളിൽ

അണുമാത്രമാം ജീവകോശത്തിൽപോലും
എന്നമതിനെയൂട്ടാൻ
ഞാനീ ഇന്ധനം ഒരുക്കുന്നു
മതിയെന്നോതാനറിയില്ല
മണ്ണിലെ ധാന്യ ഫലമൂലങ്ങൾ

സ്നേഹ ക്ഷീര നീരങ്ങൾ

മന്ത്രമുരുവിട്ടന്നമാത്രം
പ്രാണവായുവും ഉളച്ച അരുളുന്നു ഞാൻ
എല്ലാം അഗ്നിയാഹരിയ്ക്കുന്നു..
അഗ്നിയുണ്ട് നെഞ്ചിലെൻ
അസ്ഥിയിൽ, ജഠരത്തിൽ,
നാഭിയിൽ, സിരകളിൽ
അണുമാത്രമാം ജീവകോശത്തിൽപോലും
എന്നമതിനെയൂട്ടാൻ
ഞാനീ ഇന്ധനം ഒരുക്കുന്നു
മതിയെന്നോതാനറിയില്ല
മണ്ണിലെ ധാന്യ ഫലമൂലങ്ങൾ
സ്നേഹ ക്ഷീര നീരങ്ങൾ
മന്ത്രമുരുവിട്ടന്നമാത്രം
പ്രാണവായുവും ഉളച്ച അരുളുന്നു ഞാൻ
എല്ലാം അഗ്നിയാഹരിയ്ക്കുന്നു..
അഗ്നിതൻ പ്രസാദമെൻ ജീവിതം
എന്നാലിതേയഗ്നിയങ്ങവസാനം
എന്നെയും ഭക്ഷിയ്ക്കുന്നു
എന്നാലിതേയഗ്നിയങ്ങവസാനം
എന്നെയും ഭക്ഷിയ്ക്കുന്നു
അഗ്നിയുണ്ടെന്നാത്മാവിൽ
എൻ സിരാതന്തുക്കളെ വിദ്യുലേഖകളാക്കും

ADTHIYAN R

# അലയൊതുങ്ങിയ



മാധവിക്കുട്ടി

അലയൊതുങ്ങിയ കടൽക്കരയിൽ
സന്ധ്യാ പറവകൾ മറഞ്ഞ വേളയിൽ

കനത്ത് കഴിഞ്ഞ ഇരുട്ടിൽ ഏകനായ്

അങ്ങു നിൽക്കുമ്പോൾ..
യുഗത്തിൽ ഏകസാക്ഷിയായ്

മൌനം വ്രതമാക്കി മാറ്റിയോനേ..

അകലെയകലെ നിന്നൊഴുകി

എന്റെ കണ്ണുനീർ ചോലകൾ

ആ കാലടികളെ നനയ്ക്കുന്നു..

കാറ്റിളകാത്ത പ്രഭാതത്തിലും
മനസ്സിൽ കടന്നൊരു മഞ്ഞുതുള്ളി
പനിനീർപ്പൂവിനെ അലട്ടിയട്ടിയലട്ടി

തുള്ളിപ്പിയ്ക്കും അതുപോലെ.



JOSANA SARA

IX A

# കളച്ചെടികൾ

കുറ്റം എന്റേതോ അവന്റേതോ അല്ല
അവന്റെ പരുക്കൻ മുഖം
ശരിയായ പ്രതികരണത്തെ തടവിലാക്കുന്നു.
ചമ്മട്ടിപ്രഹരമേറ്റ അപരിചിതവാക്കുകളോടെ
അവൻ തളരുന്നു.
ആ വീര കോമാളി.
ഞാൻ ശ്രദ്ധിക്കുന്നു
രഹസ്യവേദനകൾക്ക് മീതെയാണ്
അവന്റെ കണ്ണുകൾ.
സുരക്ഷിതത്വത്തിന്റെ ദിനചര്യകളിലേക്ക്
തിരിച്ചെത്തി, ജോലിചെയ്യട്ടെ.
അവനെക്കാൾ സമർത്ഥനായ ഞാൻ
ആഴ്ചകളെ തെന്നിപ്പോകാനും
ഒരിക്കൽ സംസാരിച്ച വാക്കുകൾക്കിടയിൽ
കളകളെന്നപോലെ
നിശ്ശബ്ദത വളരുവാനും കാത്തുനിൽക്കുന്നു.
എന്തുകൊണ്ടെന്നാൽ
വിശ്വാസം വളരുന്നത്
നിശ്ശബ്ദതയിലല്ലാതെ മറ്റെന്തിലാണ്?
ഓർമ്മയിൽ മാത്രം ഒരു സ്ത്രീയുടെ മുഖം
മുഖരിതമാകുന്നു.



LITTU
IX B

# മഴ

എന്റെ നായ മരിച്ചപ്പോൾ
ഒരു അഭിവൃദ്ധിയും നൽകാത്ത
ആ വീട്
ഞങ്ങൾ ഉപേക്ഷിച്ചു.
ആ ശവസംസ്കാരത്തിനും
റോസാച്ചെടികൾ രണ്ടു പ്രാവശ്യം പൂവിട്ടതിനുശേഷം
വേരുകളോടെ റോസാച്ചെടിയെ പറിച്ചെടുത്തു,
പുസ്തകങ്ങളോടുംവസ്ത്രങ്ങളോടും
കസേരകളോടുമൊപ്പം
വണ്ടിയിൽ കയറ്റിക്കൊണ്ടുപോന്നു,
ഇപ്പോൾ ഞങ്ങൾ പുതിയ വീട്ടിൽ താമസിക്കുന്നു.
ഇവിടെ
മേൽക്കൂരകൾ ചോർന്നൊലിക്കുന്നില്ല;
എന്നാൽ
ഇവിടെ മഴ പെയ്യുമ്പോൾ
ആ ആളൊഴിഞ്ഞ വീടിനെ
മഴ നനച്ചു കുതിർക്കുന്നത്
ഞാൻ കാണുന്നു.
ആ പഴയ വീട് തകർന്നു വീഴുന്ന ശബ്ദം
ഞാൻ കേൾക്കുന്നു.
അവിടെ എന്റെ നായ്ക്കുട്ടി
ഇപ്പോൾ തനിച്ചു കിടക്കുന്നു..

**POOJA KRISHNAN**

IX C



# താരക പെണ്ണാളേ



താരക പെണ്ണാളേ കതിരാടും മിഴിയാളേ

താമ്പുരാനെത്തിടും മുന്നേ കാരിങ്കാറിൻ കോരപറിച്ചാട്ടേ

(2)

കണ്ടം പൂട്ടിയടിക്കാൻ കരിമ്പാറക്കരങ്ങളുണ്ടേ

വെള്ളം കോരിക്കോരി ഉള്ളം കിട്ടുങ്ങാത്ത

മേലെ കിടാങ്ങളുണ്ടേ

(2)

വെറ്റമാൻ തിന്നവളേ തത്തച്ചുണ്ടുള്ള

വാമുറുക്കേ

അന്തിക്കൊരുത്തി മുറുക്കി പെരുത്തവൾ

വീണതീചേറ്റിലാണേ

(2)

അയ്യോ മെടമെടഞ്ഞേ മടവിഴാതെ

കാവലങ്ങായി

ചൂട്ടും തെളിച്ചോരാൾ

പാടവരമ്പത്തുറക്കമില്ലാറുമാസം

(2)

ആളുന്നതൊന്നുമല്ലാ താഴെ

മിന്നാമിനുങ്ങുമല്ലാ

ആറ്റിറമ്പത്തൊരു കുരയിലയ്യോ

കരിന്തിരികത്തലാണേ

(2)

നല്ലരു പൂവു കണ്ടോ പൂവിൻ

കണ്ണു നിറഞ്ഞ കണ്ടോ

താരാട്ടുകേൾക്കാതുറങ്ങിയ കുഞ്ഞിൻ

പഴങ്കഥ കേട്ടതാവാം

(2)

ചേരിയിൽ നോക്കിടല്ലേ ചാരം മൂട്ടും

പഴുത്ത കൊള്ളി

ആളുവാനെന്നും കൊതിക്കുമാകണ്ണിലോ

കാണെണ്ട ചെമ്പരത്തി

(2)

വട്ടക്കട പിടിച്ചേ വടിവട്ടത്തിലും കറക്കി

തമ്പുരാൻ വേഗമിങ്ങെത്തും

കരിങ്കാറിൻ കോര പറിച്ചു പോകാം

**JERIN JOHN**

# ഒരു വട്ടം കൂടിയെൻ ഓർമകൾ മേയുന്ന

ഒരു വട്ടം കൂടിയെന്നോർമകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം
തിരുമുറ്റത്തൊരു കോണിൽ നിൽക്കുന്നൊരാനെല്ലി
മരമൊന്നുലുത്തുവാൻ മോഹം.

അടരുന്ന കായ്മണികൾ പൊഴിയുമ്പോൾ
ചെന്നെടുത്ത് അതിലൊന്നു തിന്നുവാൻ മോഹം
സുഖമെഴും കയ്പ്പും പുളിപ്പും മധുരവും
നുകരുവാനിപ്പോഴും മോഹം

തൊടിയിലെ കിണർവെള്ളം കോരിക്കുടിച്ചെന്തു
മധുരമെന്നോതുവാൻ മോഹം
എന്തു മധുരമെന്നോതുവാൻ മോഹം

ഒരുവട്ടം കൂടിയാപ്പുഴയുടെ തീരത്തു
വെറുതെയിരിക്കുവാൻ മോഹം
വെറുതെയിരുന്നോരാക്കുയിലിന്റെ
പാട്ടുകേട്ടെതിർപാട്ടു പാടുവാൻ മോഹം

അതുകേൾക്കെയുച്ചത്തിൽ കൂകും കുയിലിന്റെ
ശ്രുതി പിന്തുടരുവാൻ മോഹം
ഒടുവിൽ പിണങ്ങി പറന്നുപോം പക്ഷിയോട്
അരുതേയെന്നോതുവാൻ മോഹം

വെറുതേയീ മോഹങ്ങൾ എന്നറിയുമ്പോഴും

വെറുതേ മോഹിക്കുവാൻ മോഹം..
വെറുതേയീ മോഹങ്ങൾ എന്നറിയുമ്പോഴും

വെറുതേ മോഹിക്കുവാൻ മോഹം..

വെറുതേ മോഹിക്കുവാൻ... മോഹം..

MEENAKSHY PUSHPAKUMAR

# പാഥേയം

വേർപിരിയുവാൻ മാത്രമൊന്നിച്ചുകൂടി നാം
വേദനകൾ പങ്കുവയ്ക്കുന്നു!
കരളിലെഴുമീണങ്ങൾ ചുണ്ടു നുണയുന്നു;
കവിതയുടെ ലഹരി നുകരുന്നു!
കൊച്ചുസുഖദുഃഖമഞ്ചാടിമണികൾ ചേർത്തു-
വച്ചു പല്ലാങ്കുഴി കളിക്കുന്നു,
വിരിയുന്നു കൊഴിയുന്നു യാമങ്ങൾ;-
നമ്മളും പിരിയുന്നു യാത്ര തുടർന്നു!

മായുന്ന സന്ധ്യകൾ മടങ്ങിവരുമോ?-പാടി-
മറയുന്ന പക്ഷികൾ മടങ്ങിവരുമോ?
എങ്കിലും സന്ധ്യയുടെ കൈയിലെ സ്വർണവും
പൈങ്കിളിക്കൊക്കിൽ കിനിഞ്ഞ തേൻതുള്ളിയും
പൂക്കൾ നെടുവീർപ്പിടും ഗന്ധങ്ങളും മൗന-
പാത്രങ്ങളിൽ കാത്തുവച്ച മാധുര്യവും
മാറാപ്പിലുണ്ടെൻറെ മാറാപ്പിലു,ണ്ടതും
പേറി ഞാൻ യാത്ര തുടരുന്നു!

മുറതെറ്റിയെത്തുന്നു ശിശിരം!
വിറകൊൾവൂ തരുനഗ്നശിഖരം!
ഒരു നെരിപ്പോടിൻറെ ചുടുകല്ലുകൾക്കിടയിൽ
എരിയുന്ന കനലുകൾ കെടുന്നു.
വഴിവക്കിൽ നിന്നേറിവന്ന വിറകിൻകൊള്ളി
മുഴുവനുമെരിഞ്ഞു തീരുന്നു.
ഒടുവിലെൻ ഭാണ്ഡത്തിൽ ഭദ്രമായ് സൂക്ഷിച്ച
തുടുചന്ദനത്തുണ്ടു വിറകും
അന്ത്യമായ് കണ്ണുചിമ്മുമഗ്നിക്കു നൽകി ഞാൻ
ഒന്നതിൻ ചൂടേറ്റു വാങ്ങി.

ADITHYAN R

IX A

# പൂക്കാലം



kumaran ashan

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു,
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറെയായി
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊങ്ങുന്നു വാദ്യങ്ങൾ-വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ-
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-
ലെന്തോന്നുരയ്ക്കുന്നു നീ?-ഞാനറിഞ്ഞു,
"എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്വു"വെന്നല്ലയല്ലീ?

IHILAS


# മഴക്കണ്ണ്

ഇവിടെ,
ഇനിയും മാനം കറുക്കും,
മഴപെയ്യും,
വിരഹാർദ്രമായി
അവ
ആർക്കോവേണ്ടി തേങ്ങിക്കൊണ്ടിരിക്കും.

എനിക്കും നിനക്കും
മനസ്സിലാവാത്ത ഭാഷയിൽ.



NIKHIL DAS


കാർമേഘം
.....................
മനം പോലെ മാനവും
ഇരുളുന്നു വീണ്ടും..
പെയ്തൊഴിയൊഴിയുന്നില്ല
ഒരു തുള്ളിപ്പോലും..!!
ഘനമേറെയാണുതാനും..
ആർത്തലച്ചു പെയ്യണം
ലഘുവായ് വീണ്ടും-
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരുവാൻ.
— — — — — — —.
മനീഷ



# മയിൽ

മയിലേ...മയിലേ...പൂമയിലേ..
പീലി വിടർത്തി... ആടാമോ?
കാർമേഘങ്ങൾ വന്നണയുമ്പോൾ
പീലിവിടർത്തി തുള്ളാമോ?
മയീലാട്ടങ്ങൾ കാണാനായി
വന്നണയുന്നു എല്ലാരും...
മയിലേ... മയിലേ... പൂമയിലേ...
പീലിവിടർത്തി.. ആടാമോ?

MALAVIKA M NAIR

# അമ്മമലയാളം

കാവ്യക്കരുക്കളിൽ താരാട്ടുപാട്ടിന്റെ
ഈണച്ചതിച്ചേലറിഞ്ഞു ചിരിച്ചോരാൾ
ഞെട്ടിത്തെറിച്ചു തകർന്നു ചോദിക്കുന്നു
വിറ്റുവോ നീ എന്റെ ജീവിതഭാഷയെ?

ഓലയും നാരായവും കാഞ്ഞിരത്തിന്റെ
ചോലയിൽവച്ചു നമിച്ചു തിരിഞ്ഞോരാൾ
ആദിത്യനേത്രം തുറന്നു ചോദിക്കുന്നു
ഏതു കടലിൽ എറിഞ്ഞു നീ ഭാഷയെ?

ചിഞ്ചിലം നിന്നു ചിലങ്കകളൂരീട്ടു
നെഞ്ചത്തു കൈവച്ചു ചോദിക്കയാണൊരാൾ
ചുട്ടുവോ നീ എന്റെ കേരളഭാഷയെ?

വീണപൂവിന്റെ ശിരസ്സു ചോദിക്കുന്നു
പ്രേമസംഗീതതപസ്സു ചോദിക്കുന്നു
ചിത്രയോഗത്തിൻ നഭസ്സു ചോദിക്കുന്നു
മണിനാദമാർന്ന മനസ്സു ചോദിക്കുന്നു
പാടും പിശാച് ശപിച്ചു ചോദിക്കുന്നു
പന്തങ്ങൾ പേറും കരങ്ങൾ ചോദിക്കുന്നു
കളിയച്ഛനെയ്ത കിനാവു ചോദിക്കുന്നു
കാവിലെപ്പാട്ടിൻ കരുത്തു ചോദിക്കുന്നു
പുത്തരിച്ചുണ്ടയായ് ഗോവിന്ദചിന്തകൾ
പുസ്തകം വിട്ടു തഴച്ചു ചോദിക്കുന്നു

എവിടെ എവിടെ
സഹ്യപുത്രിമലയാളം
എവിടെ എവിടെ
സ്നേഹപൂർണ്ണമലയാളം?

BINSA B

# നദീതീരത്തിൽ

ഈന്തൽച്ചക്കയുടെ മട്ടിലുള്ള ആ മൊട്ടക്കുന്നിന്റെ കടയ്ക്കലൂടെ ഒരു ചെറുപുഴ പാമ്പിനെപ്പോലെ ഇഴഞ്ഞുപോകുന്നു.

പടുമരങ്ങളുടെ താഴ്ന്നു കുത്തിയ ശിഖരങ്ങളും, ചെറുകാഞ്ഞിരമരങ്ങളും, തുടർവള്ളികളും കെട്ടിപ്പിണഞ്ഞു മിക്കവാറും മറയ്ക്കപ്പെട്ടിരിക്കുകയാണ് പുഴക്കര-ബീഭത്സമായൊരു ദിവാന്ധകാരം അവിടെ ഒട്ടിപ്പിടിച്ചു കിടക്കുന്നു.

അതിന്നരികെ നടുപ്പുഴയിൽ ഒരു കയമാണ്. കയത്തിൽ മുങ്ങിക്കിടക്കുന്ന ഒരു പാറയുണ്ട്- "തലവെട്ടിപ്പാറ"യെന്നു പഴമക്കാർ പറയും. പണ്ടു കാലത്ത് കുറ്റവാളികളെ ശിരച്ഛേദം ചെയ്തിരുന്ന സ്ഥലമത്രേ അത്. അവിടെ ആരും കുളിക്കാറില്ല. അവിടത്തെ ജലത്തിന്ന് ഒരു നിറപ്പകർച്ച കാണാം.

കുന്നിനോടു തൊട്ടു പുഴക്കരയിലെ പടർപ്പിന്നുള്ളിൽ മുരടിച്ച ഒരീന്തൽമരം നിലത്തുനിന്ന് പൊങ്ങിനില്ക്കുന്നു. അതിന്റെ നെറുകയിൽ തീജ്വാലപോലെ ഒരു ചക്കയുണ്ട്. അതിൽനിന്നു പുറപ്പെടുന്ന മാദകമായൊരു മണം പരിസരം മുഴുവൻ വ്യാപിച്ചിരിക്കുന്നു. ഈന്തൽവൃക്ഷത്തന്നിരികെ, ഒരു ഭാഗം ഉണങ്ങി, പക്ഷവാതരോഗിയെപ്പോലെ കൊടിയ ഒരു

FATHIMA .A
VIII A



# (എന്റെ വീട്)

എന്തു നല്ല വീട്
ഞാൻ പിറന്ന വീട്
അച്ഛനുണ്ട് വീട്ടിൽ
സ്വർഗമാണ് വീട്

എന്തു നല്ല വീട്
ഞാൻ പിറന്ന വീട്
അമ്മയുണ്ട് വീട്ടിൽ
സ്വർഗമാണ് വീട്

ചേട്ടനുണ്ട് വീട്ടിൽ
ചേച്ചിയുണ്ട് വീട്ടിൽ
ഞങ്ങളൊത്ത് വാഴും
സ്വർഗമാണ് വീട്.



SRUTHY SUSAN SAM

# കടങ്കഥകൾ

| | |
|---|---|
| 1. വേലിപ്പൊത്തിൽ  വൈരക്കല്ല്. | മിന്നാമിനുങ്ങ് |
| 2. അടിക്കാത്ത മുറ്റമേത്. | ആകാശം |
| 3. വെളുത്ത പോലീസിന് കറുത്ത തൊപ്പി. | തീപ്പെട്ടിക്കൊള്ളി |
| 4. വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിൽ ഓടും. | സൈക്കിൾ |
| 5. ആയിരം കിളികൾക്കൊരു കൊക്ക്. | വാഴക്കുല |
| 6. അകത്തു രോമം പുറത്തിറച്ചി. | മൂക്ക് |
| 7. കാറ്റത്തോട്ടം കുടവയറൻ. | ബലൂൺ |
| 8. ഒരു കുപ്പിയിൽ രണ്ടുതരം തൈലം. | മുട്ട |
| 9. തോളിൽ തൂങ്ങും, തല്ലുകൊള്ളും. | ചെണ്ട |
| 10. കണ്ണില്ലെങ്കിലും കണ്ണീർ വീഴ്ത്തും. | മേഘം |
| 11. ഉറങ്ങും കണ്ണടക്കില്ല. | മത്സ്യം |
| 12. ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി. | പേൻ |
| 13. കടലിൽ താഴും പൊൻ കിണ്ണം. | സൂര്യൻ |
| 14. ഇവിടെ ഞെക്കിയാലവിടെ കറങ്ങും. | ഫാന് |
| 15. പിന്നാലെ വന്നവൻ മുന്നാലെ പോയി. | പല്ല് |

SREEHARI S

# പഴഞ്ചൊല്ലുകൾ

1. അങ്ങാടിയിൽ തോറ്റതിനമ്മയോട്.
ഉ:ആവശ്യമായ സ്ഥലത്തു കാണിക്കേണ്ട ശക്തി ആവശ്യമില്ലാത്ത സ്ഥലത്തു കാണിക്കുക.

2.ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും.
ഉ: വാസ്തവ സ്ഥിതി അറിയുമ്പോൾ ചലിക്കാത്ത വസ്തുക്കൾക്കുടി ആശ്ചര്യമുണ്ടാകും.

3. ആന കൊടുത്താലും ആശ കൊടുക്കരുത്.
ഉ: എത്ര തന്നെ നഷ്ടം നേരിട്ടാലും മറ്റുള്ളവരെ വെറുതെ ആശിപ്പിക്കരുത്.

4. മിണ്ടാപൂച്ച കലമുടയ്ക്കും.
ഉ: അടങ്ങിയൊതുങ്ങിയിരിക്കുന്നവർ തക്ക അവസരം വരുമ്പോൾ പരാക്രമം കാണിക്കും.

5. പഠിക്കും മുമ്പ് ഗുരുക്കളാകരുത്.
ഉ: ഏതൊരു വിദ്യയും പൂർണമായി ഗ്രഹിച്ചതിന് ശേഷമേ മറ്റുള്ളവരെ പഠിപ്പിക്കാവൂ.

6. പാലം കടക്കുവോളം നാരായണനാരായണ, പാലം കടന്നാൽ പിന്നെ കൂരായണ.
ഉ: കാര്യം സാധിക്കുന്നതിനു വേണ്ടി സേവിക്കുകയും, കാര്യം നേടിക്കഴിഞ്ഞാൽ നിന്ദിക്കുകയും ചെയ്യുക.

7. പോയ ബുദ്ധി ആന വലിച്ചാലും വരില്ല.
ഉ: ആലാചന കൂടാതെ പ്രവർത്തിച്ചുപോയ ഒരു തെറ്റിന് പോംവഴി കണ്ടെത്താൻ ബുദ്ധിമുട്ടാണ്.

NIKHILA KUMARI U

# പുളിമരത്തിന്റെ അഹങ്കാരം

നാട്ടിൻപുറത്തുള്ള ഒരു വഴിവക്കിൽ തടിച്ചുകൊഴുത്തു ഒരു പുളിമരവും ഒരു മുളയും നിന്നിരുന്നു.അവർ രണ്ടു പേരും വളരെ സന്തോഷത്തോടെയാണ് കഴഞ്ഞിരുന്നത്.സന്തോഷമുണ്ടയാലും സങ്കടമുണ്ടായാലും അതെല്ലാം അവർ ഒരുമിച്ചു പങ്കിടും.ഒരിക്കൽ കുറേ കുസൃതിച്ചെറുക്കന്മാർ അതുവഴി വന്നു.അവർ പാറക്കല്ലുകൾ പെറുക്കി പാവം മുളയെ എറിയാൻ തുടങ്ങി.ഏറുക്കൊണ്ട മുളയക്ക് വല്ലാതെ വേദനിച്ചു.അത് പുളയുകയും ഞരങ്ങുകയും വാവിട്ട് കരയുകയും ചെയ്തു.എറിഞ്ഞെറിഞ്ഞ് കൈ കുഴഞ്ഞപ്പൊൾ കുട്ടികൾ ആർത്തുവിളിച്ചുകൊണ്ട് ഓടിപ്പൊയി.ഹാവു!മുളയക്ക് ആശ്വാസമായി.എന്നാൽ മുളയുടെ സങ്കടവും കരച്ചിലും കണ്ട് പുളിമരം നിന്ന് പൊട്ടിച്ചിരിക്കുകയായിരുന്നു.പാവം മുളയെ പരിഹസിച്ചുകൊണ്ട് പുളിമരം പറഞ്ഞു:

'എടോ ചങ്ങാതീ, തന്നെ എന്തിനു കൊള്ളാം?കല്ലേറുകൊണ്ട് താൻ വളഞ്ഞു പുളഞ്ഞു കരച്ചിലായി.എന്നാൽ എന്നെയൊന്ന് കാണൂ.ചുഴലിക്കാറ്റ് വന്നാൽപ്പോലും എനിക്കൊരു കുലുക്കവും ഉണ്ടാകില്ല'.

പുളിമരം ഗമയിൽ ഞെളിഞ്ഞു നിന്നു.പുളിമരത്തിന്റെസംസാരവും അഹംഭാവവും കണ്ട് മുള വല്ലാതെ സങ്കടപ്പെട്ടു.പക്ഷേ,എന്തു ചെയ്യാൻ കഴിയും?ഇതിനിടയിലാണ് കാലവർഷം വന്നത്.

ഭയങ്കരമായ ഒരു കാറ്റോടുകൂടിയാണ് അതിന്റെ അരങ്ങേറ്റം.!ആഞ്ഞുവീശിയ കൊടുങ്കാറ്റിൽ മുള വളഞ്ഞും കുനിഞ്ഞും ആടിയും നിന്നു.എന്നാൽ കാറ്റിനോട് പൊരുതി നിൽക്കാൻ കഴിയാതെ തടിയൻ പുളിമരം കടപുഴകി വീണു.

ദുർബലരെ പരിഹസിക്കുന്നവർ പുളിമരത്തിന്റെ അനുഭവം

Josana Sara Joseph
XI B

# മാറാപ്പിലെ കുരുന്നു സ്വപ്നങ്ങൾ




മഞ്ഞു പൊഴിയും ശിശിര രാത്രികളിൽ
തൻ സഞ്ചി നിറയെ സമ്മാനവും
ചുണ്ടിൽ നിറഞ്ഞ ചിരിയുമായ്
മഞ്ഞു പാളികളിലൂടെയുർന്നിറങ്ങുന്ന
സാന്റാക്ലോസ് അപ്പുപ്പനെ കാത്തിരുന്നു
മടുത്ത ഉണ്ണിക്കുട്ടൻ, മട്ടുപ്പാവിലേറി
താഴേക്ക് നോക്കിയപ്പോൾ ദൂരെ കണ്ടു ,
തന്നിരട്ടി വലിപ്പമുള്ളൊരു സഞ്ചിയും
തൂക്കി കീറക്കുപ്പായമിട്ടൊരു രൂപം
"നിങ്ങളാണോ എന്റെ സാന്റാക്ലോസ്"
വിളിച്ചു ചോദിച്ചു അവൻ,
പക്ഷെ, പകച്ച നോട്ടവുമായ് പതറുന്ന
കാൽ വെയ്പ്പോടെ മുന്നോട്ടു പോകുമാ
ദാരിദ്ര്യത്തിൻ അവതാരം, അവളറിയുമോ
സാന്റാക്ലോസ് ആരെന്നു...



തോളിൽ തൂങ്ങിയ മാറാപ്പവളുടെ ജീവിതം
കണ്ണിൽ ദൈന്യത, വിശപ്പിന്റെ വിളിയും
എച്ചിൽ കൂനകളിൽ തേടുന്നതവളുടെ
ഉടഞ്ഞ സ്വപ്നങ്ങളും
എന്തിനീ ജീവിതമെനിക്കു നൽകിയതെന്ന്
ചോദിക്കാൻ പോലുമറിയാത്ത നിഷ്കളംഗ ജന്മം
"എൻ നഷ്ട ബാല്യമോ ഉണ്ണിക്കു കൊടുത്തു നീ
എൻ സർവേശ്വര, അതിലൊരു കുഞ്ഞു
പന്ഗെനിക്ക് നീ തന്നില്ലല്ലോ?"
എന്ന് ഒരു വേള ചോദിച്ചുവോ

- വിദ്യ



## അമ്മയ്ക്ക്

ഇന്നലെ സന്ധ്യക്ക് അമ്പിളി തോണിയേറി
എൻതറവാട്ടിൻ മുറ്റത്ത് ഞാനിറങ്ങി
ഓർമ്മകൾ കൂട്ടിനായ് ഓടിയെത്തി
ഇടറാതെ മങ്ങാതെ മായാതെ
കണ്ണുനീരിൻ കൈ പിടിച്ചു
അമ്മതൻ കണ്ണുകൾ അപ്പോഴും കണ്ടു ഞാൻ
അതെ ഉമ്മറത്ത് പ്രതീക്ഷ കത്തിച്ച
തിരി നാളത്തിൻ നുറുങ്ങു വെട്ടമായി
എന്തിനെന്നമ്മേ ആ സങ്കടക്കടൽ
കുത്തിയൊലിക്കാതെ തടഞ്ഞതെന്തിന്
അറിഞ്ഞിരുന്നുവോ ആ സാഗരത്തിൽ
ഈ മകൻ മുങ്ങിയാൽ പൊങ്ങില്ലെന്നു
കാണാതെ പോയൊരാ മാതൃ സ്നേഹത്തെ
തേടി ഞാനെൻ തറവാടിൻ മുറ്റത്ത് അലയുമ്പോൾ
അറിഞ്ഞിരുന്നില്ല എന്നമ്മയെ കാലം
വിധിയുടെ തടവറയിൽ ഉറക്കിക്കഴിഞ്ഞെന്നു
ഒടുവിലാ കാലത്തിൻ തടവറ ചുവട്ടിൽ ഞാൻ
മിഴിനീരിൽ കുതിർത്തൊരു തിരി കത്തിച്ചു തിരിയവേ
അറിയുന്നെൻ അമ്മതൻ സ്നേഹം വീണ്ടും
തെക്കുനിന്നുള്ളോരു കാറ്റിൻ തലോടലാൽ.

anoop

# ജെ.കെ.റൗളിഗ്



ഹാരി പോട്ടർ മാന്ത്റിക കഥകളുടെ സ്റഷ്ടാവാണ് ജെ.കെ.റൗളിംഗ് അഥവാ ജോവാൻ റൗളിംഗ്.1990 -ൽ മാഞ്ചസ്റ്ററിൽ നിന്നും ലണ്ടൻ വരെ നടത്തിയ തീവണ്ടി യാത്റക്കിടയിലാണ്,കഥ എഴുതാനുള്ള പ്റചോദനം ലഭിച്ചത്.ദാരിദ്രയത്തിൽ നിന്നും  കോടി പതിയായി മാറിയ അപൂർവ്വം ചില എഴുത്തുകാരിൽ ഒരാളാണ് റൗളിംഗ്.2012 ൽ സെപ്റ്ററിൽ 27 ന ജെ.കെ.റൗളിംഗ് എഴുതിയ മുതിർന്നവർക്ക് വേണ്ടിയുള്ള ആദ്യ നോവൽ "ദ കാഷ്വൽ വേക്കൻസി ലിറ്റിൽ ബ്റൗൺ ആൻറ് ദ കവനി പ്റസിദ്ദീകരിച്ചു.

SONIYA SAJI



# ഉള്ളൂർ.എസ്. പരമേശ്വരയ്യർ
# (1877-1949)

മഹാകവി ഉള്ളൂർ 1877 ജ്ജൂൺ 6 ചങ്ങനാശേരി  പെരുന്നയിൽ  ആണ് ജനിച്ചത്. തിരുവനന്തപുരം ഉള്ളൂർ സ്വദേശിയാണ് പിതാവ് .അച്ഛൻ്റെ അകാല മരണത്തെ തുടർന്ന് അമ്മയോടൊപ്പം അച്ഛൻ്റെ നാടായ ഉള്ളൂരിലേക്ക് താമസം മാറി. ഉള്ളൂർ,കുമാരനാശാൻ,വള്ളത്തോൾ എന്നീ കവികൾ ഇരുപതാം നൂറ്റാണ്ടിൻ്റെ ആരംഭത്തിൽ മലയാള കവിതയിൽ കാല്പനിക പ്റസ്ഥാനത്തിനു തുടക്കം കുറിച്ചു.കവി എന്നതിന് പുറമേ ഉദ്യോഗസ്ഥൻ,സാഹിത്യകാരൻ,എന്നീ നിലകളിൽ ഉള്ളൂർ പേരെടുത്തു. തിരുവിതാംകൂർ സർക്കാരിൻ്റെ ചീഫ് സെക്റട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

LICTU JR

# അതു മാത്രം

പാബ്ളോ പിക്കാസോ എന്ന പ്രശസ്തനായ ചിത്രകാരനെപറ്റി കേട്ടിട്ടില്ലേ? ഗേര്ണിക്ക തുടങ്ങിയ ലോകപ്രശസ്ത ചിത്രങ്ങള് വരച്ച മഹാനാണ് അദ്ദേഹം.
ഒരിക്കല് അദ്ദേഹത്തിൻറ്റെ വീട്ടില് കള്ളൻ കയറി വിലപ്പെട്ട കുറേയേറെ സാധനങ്ങള് കൊണ്ടുപോയി.വിഷമിച്ചിരിക്കുന്ന പിക്കാസോയെ കണ്ട് ഒരു സ്നേഹിതൻ ആശ്വസിപ്പിച്ചു.പോയതുപോയി.ഇനി വിഷമിച്ചിട്ടെന്തു കാര്യം? ഇങ്ങനെ ദുഖിച്ചതുകൊണ്ട് പോയ സാധനങ്ങള് തിരിച്ച് കിട്ടില്ലല്ലോ?സാധനങ്ങള് നഷ്ടപ്പെട്ടതില്ല ചങ്ങാതി എനിക്കു വിഷമം.പിക്കാസോ പറഞ്ഞു.പിന്നെ? എന്തൊക്കെ കൊണ്ടുപോയി!എന്നിട്ടും ഞാൻ വരച്ച ഒരൊറ്റ ചിത്രം പോലും അവൻ കൊണ്ടുപോയില്ലോ എന്നോർത്തിട്ടാ വിഷമം!

ATHIRA RADHAKRISHNAN





# ആര്യഭടൻ

പുരാതന ഭാരതത്തിലെ മികച്ച ഗണിത ശാസ്ത്റജ്ഞനും,ജ്യോതിശാസ്ത്റജ്ഞനും ആയിരുന്ന ആര്യഭടൻ. ഇന്ത്യയുടെ ആദ്യത്തെ കൃത്റിമോപഗ്രഹത്തിന് അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം ആര്യഭട്ട എന്നാണ് നാമകരണം ചെയ്തത്.ബി.സി.476-ല് അശ്മകം എന്ന സ്ഥലത്താണ് ആര്യഭടൻ ജനിച്ചത് എന്ന് പുരാതന രേഖകളില് നിന്ന് മനസ്സിലാക്കാൻ കഴിയും.അഭിപ്രായപ്രകാരം നളന്ദ സർവകലാശാലയുടെ കുലപതി ആയിരുന്ന ആര്യഭടൻ.ഭൂമി ഉരുണ്ടതാണെന്നും സ്വന്തം അച്ചുതണ്ടില് അത് കറങ്ങുന്നതു കൊണ്ടാണ് രാവും പകലും ഉണ്ടാകുന്നതെന്നും,ആദ്യമായി അഭിപ്രായപ്പെട്ട ജ്യോതിശാസ്ത്രജ്ഞൻ ആര്യഭടനാണെന്ന് കരുതുന്

BILJA VARGHESE

# കടംകഥ

അടിയില്ലാത്ത ഭരണി – കിണർ

അകമില്ല പുറമില്ലാ. ഞെട്ടില്ലാ വട്ടയില – പപ്പടം

തിന്നില്ല കുടിക്കില്ല,തല്ലാതെ  മിണ്ടില്ല – ചെണ്ട

മുറ്റത്തെ ചെപ്പിനടപ്പില്ല – കിണർ

കാട്ടില് ഒരുതുള്ളി ചോര – മഞ്ചാടി

അടുക്കള കോവിലില് മൂന്നണ്ട് ദൈവങ്ങള് – അടുപ്പ്കല്ല്

പാലില് കരിമീന് – കണ്ണ്

ഇരുവരി മുല്ലപ്പൂക്കള് – പല്ല്

കറുത്ത തൊപ്പിയുള്ള വെള്ള കോലാന് – തീപ്പെട്ടി കൊള്ളി

കാട്ടുകേറി ഓരിയില്ല – തോക്ക്

കാള കിടക്കും കയറോടും – മത്തങ്ങ

കൊക്കിരുന്ന കുളം വറ്റി – റാന്തല് വിളക്ക്

അടി മുള്ള് നട്ട കാട് തല പൂവ് – കൈതച്ചക്ക

കാലില് പിടിച്ചാല് തോളില് കയറും – കുട

ആയിരം പോലീസുകാർക്ക് ഒരു ബെല്റ്റ് - ചൂല്

JERIN THOMAS

# കാക്കമ്മ



കക്കക്കൊ കാക്കമ്മ

കൊക്കക്കോ കോഴി

തിത്തിത്തൈ മുറ്റത്തു തർക്കമായി

ഞാനാണുണർന്നതിന്നാദ്യം കാക്കേ

ഞാനാണുണർന്നതിന്നാദ്യം കോഴി

ബ് ബ് ഭ ബഭൗ നായിങ്ങോടിയെത്തി

ഞാനുറങ്ങീട്ടേയില്ലെന്നു ഭൗ ഭൗ

JESTIN J JOSE

# പഴഞ്ചൊല്ല്

പല തുള്ളി പെരുവെള്ളം
നനയുന്നിടം കുഴിക്കരുത്
പയ്യെ തിന്നാല് പനയും തിന്നാം
അടിതെറ്റിയാല് ആനയും വീഴും
അണ്ണാന് കുഞ്ഞിനും തന്നാലായത്
ഏട്ടിലെ പശു പുല്ല് തിന്നുമോ?
ചങ്ങാതി നന്നായാല് കണ്ണാടി വേണ്ട
ആലിപ്പഴം പഴുത്തപ്പോള് കാക്കയ്ക്ക് വായപ്പുണ്ണ്
ആന മെലിഞ്ഞാല് തൊഴുത്തില് കെട്ടാമോ
നട്ടുക്കടലിലും നായ നക്കിയേ കുടിക്കൂ
മിണ്ടാപൂച്ച കലമുടയ്ക്കും
കാണം വിറ്റും ഓണം ഉണ്ണണം
കതിരില് വളം വച്ചിട്ട് കാര്യമില്ല
ചോതികഴിഞ്ഞാല് ചോദ്യമില്ല
വിത്തുഗുണം പത്തുഗുണം
കണ്ടം വിറ്റ് കാളയെ വാങ്ങുമോ?

SONU SABU

# പൂമഴ

കാറ്റ് മെല്ലെ വന്നു
പൂക്കളെത്തലോടി
കാറ്റ് പാഞ്ഞു വന്നു
പൂമരം കുലുക്കി
പൂമഴയായ് പൂമഴ

LINSON VARGHESE



# COMPUTER LAB

# Marthoma Higher Secondary School

## Venmony

## കടപ്പാട്

ഈ അതുല്യ നേട്ടത്തിനു പിന്നിൽ പ്രവർത്തിച്ച ലിറ്റൽ കൈറ്റ്സ് അധ്യാപകർക്കും സഹപാടികൾക്കും ഹൃദയം നിറഞ്ഞ

**നന്ദി....**

**(എഡിറ്റർ)**

**ആദിത്യൻ ആർ**

**ജിൻസ മറിയം തോമസ്**

